**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1412** — **11-06-2019 ൽ മറുപടിക്ക്**

**മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതി നായി സ്ഥലം നിർദ്ദേശിച്ചതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ; | (എ) **ശംഖുമുഖം അങ്കണവാടി**<br>പേട്ട വില്ലേജിൽ വലിയതുറ പോലീസ് സ്റ്റേഷന് പുറകുവശം സർവ്വെ നമ്പർ 1920/pt പ്രകാരം സർക്കാർ പുറമ്പോക്ക് 10 സെന്റ് ഭൂമി അങ്കനവാടിക്ക് അനുവദിക്കുന്നതിലേയ്ക്കായി ശുപാർശ തഹസിൽദാർ സമർപ്പിച്ചിരുന്നു വെങ്കിലും ന്യൂനത പരിഹരിക്കുന്നതിലേയ്ക്കായി തഹസിൽദാർക്ക് മടക്കി അയച്ചിട്ടുള്ളതാണ്. ഭൂമി കൈമാറ്റ അർത്ഥന സമർപ്പിക്കുന്നതി ലേയ്ക്കായി ICDS സൂപ്പർവൈസർക്ക് കത്ത് നൽകിയിട്ടുണ്ട്.<br>**വലിയതുറ അങ്കണവാടി**<br>വലിയതുറ അങ്കനവാടിയ്ക്ക് ഭൂമി കൈമാറുന്ന തിനായുള്ള നടപടിയ്ക്കായി തഹസിൽദാർ തിരുവനന്തപുരത്തിന് 18.03.2017, 31.01.2018, 06.03.2019 എന്നീ തീയതികളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശാനുസരണമുള്ള നടപടികൾ താലൂക്ക് ഓഫീസിൽ നടന്നുവരുന്നു. |
| (ബി) അങ്കണവാടികൾ എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് വലിയതുറ സെന്റ് സേവ്യേഴ്സ് നഗറിലെ ഡെയറി ഡെവലപ്മെന്റ് വകുപ്പിന്റെ അധീനതയിലുള്ള ഭൂമി, ശംഖുമുഖം പോലീസ് സ്റ്റേഷന് സമീപമുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി എന്നിവ സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;<br>(സി) പ്രൊപ്പോസൽ സമർപ്പിച്ച് രണ്ടു വർഷം പിന്നിട്ടിട്ടും യാതൊരു നടപടിയു മുണ്ടാകാത്തതിനാൽ കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോയെന്ന് അറിയിക്കാമോ? | (ബി)യും (സി)യും ഭൂമി കൈമാറ്റ ശുപാർശ ലഭ്യമാക്കാൻ തിരുവനന്തപുരം തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**